**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1640** **15-03-2022 - ൽ മറുപടിയ്ക്ക്**

**മണ്ണ് സംരക്ഷണ പ്രവൃത്തികളുടെ ഡി.എസ്.ആർ. നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. ഇരുപത്തിരണ്ടാം പദ്ധതി പ്രകാരമുള്ള മണ്ണ് സംരക്ഷണ പ്രവൃത്തികളുടെ നിരക്ക് ഡി.എസ്.ആർ. 2016 പ്രകാരമായതിനാൽ ചെറുകിട നാമമാത്ര കർഷകർക്കും കൺവീനർമാർക്കും പ്രസ്തുത പ്രവൃത്തികൾ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പൊതുമരാമത്ത് പ്രവൃത്തികളുടെ നിരക്ക് ഡി.എസ്.ആർ. 2018 പ്രകാരം പുതുക്കി നൽകിയിട്ടുള്ളതിനാൽ ആർ.ഐ.ഡി.എഫ്. ഇരുപത്തിരണ്ടാം പദ്ധതിയുടെ നിരക്ക് പുതുക്കി നിശ്ചയിക്കാൻ കഴിയുമോ എന്നു വ്യക്തമാക്കുമോ? | (ബി) | ആർ.ഐ.ഡി.എഫ്. XXII ൽ ഉൾപ്പെട്ട പദ്ധതികൾക്ക് 2016-17 സാമ്പത്തിക വർഷമാണ് ഭരണാനുമതിയും DSoR 2016 പ്രകാരം സാങ്കേതികാനുമതിയും നൽകിയിരുന്നത്. പദ്ധതി പ്രവർത്തനങ്ങൾ ഭരണാനുമതിയും സാങ്കേതികാനുമതിയും പ്രകാരം നിർവ്വഹിക്കുന്നതാണെന്ന് ഗുണഭോക്തൃ കമ്മിറ്റിക്ക് വേണ്ടി കൺവീനർ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പുമായി എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും, പദ്ധതി പ്രവർത്തനങ്ങൾ ഏകദേശം 66 ശതമാനത്തോളം പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. നബാർഡ് മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഒരു പദ്ധതിയ്ക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞാൽ ആ തീയതി മുതൽ രണ്ട് വർഷത്തിനുള്ളിൽ എസ്റ്റിമേറ്റ് തുകയിൽ വരുത്തുന്ന മാറ്റം നബാർഡ് അംഗീകരിക്കുന്നതാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷം അനുമതി നൽകിയ ആർ.ഐ.ഡി.എഫ്. XXII ലെ പദ്ധതികൾക്ക് അഞ്ചു വർഷത്തിനുശേഷം 15.08.2021 മുതൽ പ്രാബല്യത്തിൽ വന്ന DSoR 2018 പ്രകാരം നിരക്ക് പുതുക്കണമെന്ന ആവശ്യം പരിഗണനാർഹമല്ല. |

സെക്ഷൻ ഓഫീസർ